(ബി) ഉണ്ടെങ്കിൽ ഇതിനകം എത്ര ഐ. പി. എസ്. ഉദ്യോഗസ്ഥന്മാർക്കെതിരായി ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) എറണാകുളം സിറ്റി കമ്മീഷണറെക്കുറിച്ച് ഈ അടുത്ത കാലത്തെ ഒരു ആനുകാലിക പ്രസിദ്ധീകരണത്തിൽ വന്ന ലേഖനം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഈ ഉദ്യോഗസ്ഥനെതിരായി എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി) നാല്. ഐ. പി. എസ്. ഉദ്യോഗസ്ഥന്മാർക്കെതിരായി ശിക്ഷണനടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഡി. ഐ. ജി. യെ കൊണ്ട് അന്വേഷിപ്പിച്ചു. റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

## സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം

1124 [1796] ശ്രീ. പി. ബാലൻ ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം ഏതൊക്കെ സാമ്പത്തിക കുറ്റങ്ങളാണ് കൈകാര്യം ചെയ്യാറുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഈ വിഭാഗം എത്ര കേസുകൾ പിടിച്ചിട്ടുണ്ട്;

(സി) ഇതിൽ എത്ര കേസുകൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ;

(ഡി) ഈ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ യുവാക്കളായ ഉദ്യോഗസ്ഥന്മാരെ നിയമിക്കാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ) എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട്, എസൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ (ടെമ്പററി പൗവേഴ്സ്) ആക്ട് 1961, സർക്കാർ നടപ്പാക്കിയ വിവിധ കൺട്രോൾ ഓർഡറുകൾ പ്രകാരമുള്ള കുറ്റങ്ങൾ കണ്ടുപിടിക്കുക, സർക്കാർ നികുതികൾ വസൂൽ ചെയ്യുന്ന ഡിപ്പാർട്ടുമെൻറുമായി സഹകരിച്ച് നികുതി വെട്ടിപ്പ് കണ്ടുപിടിച്ച് മേൽനടപടികൾ എടുക്കുക, പെട്രോൾ മായം ചേർത്ത് വില്പന നടത്തുന്നതായി സംശയിക്കുന്ന കേസുകൾ കൈകാര്യം ചെയ്യുക മുതലായവ.

(ബി) എഴുപത്തിനാല് കേസുകൾ ഈ യൂണിറ്റിൽ തന്നെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 35 കേസുകൾ ഈ യൂണിറ്റിന്റെ സഹായത്തോടെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഒരു കേസ് ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

(ഡി) ഈ വകുപ്പിൽ ഇപ്പോൾ പരിചയസമ്പന്നരും യുവാക്കളുമായ ഉദ്യോഗസ്ഥന്മാരും ജോലി ചെയ്യുന്നുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly